റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച സുരക്ഷാ നടപടികൾ

19 (*19)ശ്രീ. എ. അലിഹസ്സൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ:

ശ്രീ. എ. കണാരൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു കുറച്ചുകൊണ്ടു വരുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഉന്നത തല സമിതി രൂപീകരിച്ചുവോ; എങ്കിൽ എന്ന്;

(ഡി) സംസ്ഥാനത്തെ റോഡ് സുരക്ഷാ കമ്മിറ്റി, റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൃത്യമായി പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) റോഡു സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ;

(ജി) വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന ശരിയായി നടത്തുന്നതിന്, റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും മരണവും യാത്രക്കാർക്ക് പരിക്കും സംഭവിക്കുന്ന അപകടങ്ങളിൽ കൈക്കൊള്ളേണ്ട കാര്യങ്ങളെ സംബന്ധിച്ചും ഒരു സമഗ്ര നിയമ നിർമ്മാണം നടത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(എച്ച്) എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ഐ) റോഡപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള ജംഗ്ഷനുകളിലും റോഡുകളിലും ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ജെ) നാഷണൽ ഹൈവേകളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് 'ബംബുകളും' ബോർഡുകളും വയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(കെ) നാഷണൽ ഹൈവേകളിൽ വാഹനങ്ങളുടെ പരിശോധന നടത്തുന്നതിന് മൊബൈൽ പട്രോളിംഗ് സ്ക്വാഡുകൾ ആരംഭിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി)ഉണ്ട്. സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കാനുള്ള നടപടികളെ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ പോലീസ്, പൊതുമരാമത്ത്, ഗതാഗതം, വനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിരുന്നു. ഈ സമിതിയുടെ ശുപാർശ പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ടി സമിതി കാലാ കാലങ്ങളിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടി കൾ തീരുമാനിച്ച് അതാത് വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ'വൺവേ' സമ്പ്രദായം ഏർപ്പെടുത്തിയും ഗതാഗത നിയന്ത്രണത്തിന് ട്രാഫിക് പോലീസുകാരെ നിയോഗിച്ചും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിച്ചും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനു സൃത നടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സ്പീഡ് റഡാർ, ബ്രെത്ത് അനലൈസർ എന്നീ ശാസ്ത്രീയ ഉപകരണങ്ങളും ഉപയോഗിച്ചു വരുന്നു. ഇതിനും പുറമെ വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്ക് വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകട ങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളെ അപകടവിമുക്തമാക്കുന്ന താണ്.

(സി) ഉണ്ട്. 1997-ൽ.

(ഡി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഇ) ഇല്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ജി)&(എച്ച്)ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഐ) വാഹനത്തിരക്കുള്ളതും അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയു ള്ളതുമായ ജംഗ്ഷനുകളിലും റോഡുകളിലും വേഗത നിയന്ത്രിക്കുന്നതിനും അപകടം ഒഴിവാക്കുന്നതിനും വൺവേ സമ്പ്രദായം ഏർപ്പെടുത്തിയും ബമ്പു കൾ സ്ഥാപിച്ചും ട്രാഫിക് ബൈൽ ബാരക്കുകൾ സ്ഥാപിച്ചും സിഗ്നൽ ലൈറ്റു കൾ സ്ഥാപിച്ചും ആവശ്യമായ ട്രാഫിക് പോലീസുകരെ നിയോഗിച്ചും വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്.

(ജെ) നാഷണൽ ഹൈവേകളിൽ ബംബുകൾ നിർമ്മിക്കാൻ പാടി ല്ലെന്നു കേന്ദ്ര നിർദ്ദേശമുണ്ട്. ആയതിനാൽ റബ്ബർ സ്ട്രിപ്സ് നിർമ്മിച്ചിട്ടുണ്ട്. മറ്റു ഭാഗങ്ങളിൽ സ്പോൺസർഷിപ്പിലായും കേന്ദ്ര ഫണ്ടുപയോഗിച്ചും സൈൻബോഡുകൾ വയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(കെ) നാഷണൽ ഹൈവേകളിൽ വാഹനങ്ങൾ പരിശോധിക്കുന്ന തിന് ഹൈവേ പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അവശ്യസാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം

20 (*20)ശ്രീ. പി. രാജു :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീമതി മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly